**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. സുദർശനന്റെ (the late) 03.09.2005 മുതൽ 30.09.2005 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം./211/2018/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 22/01/2018

---

പരാമർശം:- 1. 05.09.2015 ലെ സ.ഉ. (സാധാ) നം. 3830/2005/തസ്വഭവ.

2 . 01.10.2005 തീയതിയിലെ സ.ഉ.(സാധാ) നം. 3990/05/തസ്വഭവ.

3. നഗരകാര്യ ഡയറക്ടറുടെ 01.06.2017 തീയതിയിലെ എഫ്2-1705/2007 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. സുദർശനൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച സമയപരിധിയ്ക്കുള്ളിൽ വോട്ടർ പട്ടികയുടെ മതിയായ പകർപ്പുകൾ തയ്യാറാക്കി ബന്ധപ്പെട്ട വരണാധികാരികൾക്കും രാഷ്ട്രീയ കക്ഷികൾക്കും യഥാസമയം നൽകുന്നതിൽ വീഴ്ച വരുത്തിയതായി എറണാകുളം ജില്ലാ കളക്ടർ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തി. കൂടാതെ കൊച്ചി കോർപ്പറേഷൻ സെക്രട്ടറി കൂടിയായ ശ്രീ.എസ്.സുദർശനൻ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറിൽ നിക്ഷിപ്തമായ തന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയതായും ടിയാനെതിരെ നടപടി സ്വീകരിക്കുവാനും ജില്ലാ കളക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറിയും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുമായിരുന്ന ശ്രീ. എസ്. സുദർശനനെ ഇലക്ഷൻ കമ്മീഷൻ സെക്രട്ടറി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത നടപടി ഒന്നാം പരാമർശിത ഉത്തരവ് പ്രകാരം സർക്കാർ സാധൂകരിച്ചു. രണ്ടാം പരാമർശിത ഉത്തരവ് പ്രകാരം ശ്രീ. എസ്.

സുദർശനനെ സർവ്വീസിൽ പുന: പ്രവേശിപ്പിച്ചുകൊണ്ട് കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയായി നിയമനം നൽകി. ടിയാൻ 03.10.2005 അപരാഹ്നത്തിൽ സർവ്വീസിൽ തിരികെ പ്രവേശിച്ചു. ശ്രീ. സുദർശനന്റെ സസ്പെൻഷന് ആധാരമായ ക്രമക്കേടുകളിന്മേൽ ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, ടിയാന്റെ പെൻഷനിൽ നിന്നും 300/- രൂപാ വീതം ഏഴ് വർഷത്തേക്ക് കുറവ് വരുത്തിക്കൊണ്ട് തീർപ്പാക്കി.

2 . ശ്രീ. എസ്. സുദർശനന്റെ (the late) 03.09.2005 മുതൽ 02.10.2005 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമീകരിക്കണമെന്ന് പരാമർശം മൂന്ന് പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.10.2005- ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് ശ്രീ. സുദർശനനെ സർവ്വീസിൽ തിരിച്ചെടുത്തത് എന്നതിനാൽ ടിയാളുടെ സസ്പെൻഷൻ കാലയളവ് 03.09.2005 മുതൽ 30.09.2005 വരെയാണ്. ശ്രീ.സുദർശനനെതിരായ അച്ചടക്കനടപടി തീർപ്പാക്കിയിരിക്കുന്നത് പെൻഷനിൽ നിന്നും 300/- രൂപ ഏഴ് വർഷത്തേയ്ക്ക് കുറവ് ചെയ്യുക എന്ന കഠിന ശിക്ഷ നൽകി ആയതിനാൽ ടിയാന്റെ സസ്പെൻഷൻ കാലയളവിലെ ശമ്പളവും അലവൻസും ഉപജീവനബത്തയിൽ പരിമിതപ്പെടുത്തി 03.09.2005 മുതൽ 30.09.2005 വരെയുള്ള സസ്പെൻഷൻ കാലയളവ് പെൻഷനു മാത്രം ഡ്യൂട്ടിയായും, 01.10.2005 മുതൽ ജോലിയിൽ പ്രവേശിച്ചതു വരെയുള്ള ഇടവേള കെ.എസ്.ആർ ഭാഗം I ചട്ടം 56 ബി (9)- ന്റെ താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശനകാലമായോ, അർഹതപ്പെട്ട അവധിയായോ, ഇവ രണ്ടുമായോ ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ശ്രീമതി.എം.പി.ലീന, ഫ്ലാറ്റ് നമ്പർ 122, വൈദ്യ ടവർ, ചിന്നക്കട, കൊല്ലം - 691001.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ധനകാര്യ വകുപ്പ് (10.01.2018 തീയതിയിലെ DEV-1/314/2017-FIN നമ്പർ പ്രകാരം)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ